മലബാർമേഖലയെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റ് കൂടുതൽ താൽപ്പര്യമെടുത്തിട്ടുണ്ട്; കൂടുതൽ ഷെഡ്യൂളുകൾ ഓടിച്ചിട്ടുണ്ട്. കൊടുവള്ളി നിയോജകമണ്ഡലത്തിലെ യാത്രാക്ലേശത്തെക്കുറിച്ച് ശ്രീ. സി. മൊയിൻകുട്ടി ഉന്നയിച്ച ആവശ്യം പരിശോധിച്ചു. കൊടുവള്ളി നിയോജകമണ്ഡലം ദേശസാൽകൃത മേഖലയല്ല. അവിടെ ബസ്സുകളുടേയും ജീവനക്കാരുടെയും ദൗർലഭ്യം അനുഭവപ്പെടുന്നതിനാൽ ചില ദിവസങ്ങളിൽ ചില സർവീസുകൾ കാൻസൽ ചെയ്യാൻ കെ.എസ്.ആർ.ടി.സി നിർബന്ധിതമാകും. ദേശസാൽകൃതമല്ലാത്ത മേഖലകളിലെ സർവീസുകളും വരുമാനം തീരെ കുറച്ചും ലഭിക്കുന്ന സർവീസുകളുമായവ ഇത്തരത്തിൽ കാൻസൽ ചെയ്യുകയെന്നൊരു നയമാണ് സ്വീകരിച്ചിട്ടുള്ളത്. കെ.എസ്.ആർ,ടി.സി.ക്ക് ഇന്ന് 3801 ഷെഡ്യൂളുകളാണ് ഉള്ളത്. ഇതു കൃത്യമായി നടത്താൻ 4260 ബസ്സുകൾ ആവശ്യമാണ്. ഇപ്പോൾ 3940 ബസ്സുകൾ മാത്രമേ കൈവശമുള്ളൂ. അതിൽത്തന്നെ 395-ഓളം ബസ്സുകൾ അറ്റകുറ്റപ്പണികൾക്കും സി.എഫ്. സംബന്ധമായ ജോലികൾക്കുമായി വർക്ക്ഷോപ്പുകളിലാണ്. തൻമൂലം 715-ഓളം ബസ്സുകളുടെ കുറവുണ്ട്. ആ കുറവ് കേരളത്തിലെ ട്രാൻസ്പോർട്ട് ഡിപ്പോകളിലെ ഷെഡ്യൂൾ കാൻസലേഷന് കാരണമാകുന്നു. ഇതിനുപുറമേ 5000-ത്തിലേറെ സ്ഥിരം ഡ്രൈവർമാരുടേയും 900-ത്തോളം സ്ഥിരം മെക്കാനിക്കൽ ജീവനക്കാരുടേയും കുറവുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും താൽക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചു എങ്കിലും ആവശ്യത്തിന് തികയാറില്ല. സാമ്പത്തിക പ്രതിസന്ധിയും സ്പെയർപാർട്ടുകളുടെ കുറവും അനുഭവപ്പെടുന്നുണ്ട്. ഡ്രൈവർമാർക്കുവേണ്ടി പി.എസ്.സി. ടെസ്റ്റ് എല്ലാ ജില്ലകളിലും നടത്തുന്നുണ്ട്. എങ്കിലും വളരെ കാലതാമസമുണ്ടാകും. ഇത്തരം പ്രശ്നങ്ങൾ അനുഭവപ്പെടുന്നതുമൂലമാണ് ചില ഷെഡ്യൂളുകൾ കാൻസൽ ചെയ്യാൻ കെ.എസ്. ആർ.ടി.സി. നിർബന്ധിതമാകുന്നത്. സാമ്പത്തികനില മെച്ചമാകുന്നതിനനുസരിച്ച് കൂടുതൽ ബസ്സുകൾ നിരത്തിലിറങ്ങുന്നതോടുകൂടി കാൻസലേഷൻ കുറയ്ക്കുവാൻ കഴിയും. അതോടെ കൊടുവള്ളി നിയോജകമണ്ഡലത്തിലെ സർവീസുകളുടെ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതാണ്.

(19) ചവറ ഗവൺമെന്റ് കോളേജിലെ അസൗകര്യങ്ങൾ

<u>ശ്രീ. ബാബു ദിവാകരൻ</u> : സർ, കൊല്ലം ജില്ലയിലെ ഏക ഗവൺമെന്റ് കോളേജാണ് ചവറ ഗവൺമെന്റ് കോളേജ്. കൊല്ലം ജില്ലയിലെ എല്ലാ എം. എൽ.എ.മാർക്കുംകൂടി വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ആ കോളേജിന്റെ സ്ഥിതി ഇന്ന് വളരെ പരിതാപകരമാണ്. ഇവിടെ 5 പ്രീഡിഗ്രി ബാച്ച് ഉണ്ടായിരുന്നതാണ്, അത് ഡീലിങ്ക് ചെയ്ത് ഇപ്പോൾ കഷ്ടിച്ച് രണ്ട് ബാച്ചേയുള്ളൂ. അതും നടത്തിക്കൊണ്ടുപോകുന്നു എന്നതിൽക്കവിഞ്ഞ് അവിടെ അതിനുള്ള സംവിധാനമില്ല. 3 ഡിഗ്രി കോഴ്സുകളുണ്ടായിരുന്നു. അതിന്റേയും സ്ഥിതി വളരെ പരിതാപകരമാണ്. പുതുതായി ഒരു കോഴ്സുപോലും അവിടെ അനുവദിച്ചിട്ടില്ല. ഇപ്പോൾ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് B. Com with Electronics and data processing, B.A. (History), B.A. (English) എന്നീ മൂന്ന് കോഴ്സുകൾക്ക് ശുപാർശ ചെയ്തിട്ടുണ്ട്. ഗവൺമെന്റ് ആ കാര്യത്തിൽ ഒരു തീരുമാനമെടുത്തിട്ടില്ല. ഇപ്പോൾ അവിടെ കോളേജിലെ ക്ലാസ്സുകളെല്ലാം ഒഴിഞ്ഞുകിടക്കുന്നു. നാമമാത്രമായി 3 ഡിഗ്രി കോഴ്സുകൾക്കുമാത്രമായിട്ട് ഒരു കോളേജ് ഇങ്ങനെ നിലനിൽക്കുകയാണ്. ഈ ദുഃസ്ഥിതിയിൽനിന്നും ആ കോളേജിനെ കരകയറ്റണം. അവിടെ പുതിയ കോഴ്സുകൾ അനുവദിക്കണം. ആ കോളേജിന്റെ മറ്റ് ഭൗതിക സാഹചര്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ മെച്ചപ്പെടുത്തുന്നതിനുകൂടി ഗവൺമെന്റിന്റെ ശ്രദ്ധ പതിയണമെന്ന് ഞാൻ ആ പ്രദേശത്തെ ജനങ്ങൾക്കുവേണ്ടി അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ചവറ ഗവൺമെന്റ് കോളേജിനെ സംബന്ധിച്ചുള്ള ചില വസ്തുതകൾ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിക്കുകയുണ്ടായി. ഇപ്പോൾ അവിടെ B.Sc. (Mathematics), B.Sc. (Zoology) എന്നീ കോഴ്സുകളാണ് നിലവിലുള്ളത്. 1999-2000 അധ്യയനവർഷം B.A.(English), B.Com. with Electronics and Data Processing- എന്നീ കോഴ്സുകൾ തുടങ്ങുന്നതിന് കേരള സർവ്വകലാശാല ശുപാർശ ചെയ്തിട്ടുണ്ട്. ഈ വർഷം കോഴ്സുകൾ തുടങ്ങുന്നകാര്യം ഗവൺമെന്റിന്റെ പരിഗണനയിൽപ്പെടുത്തിയിട്ടേയുള്ളൂ. പ്രീ-ഡിഗ്രി ഡീലിങ്ക് ചെയ്തതിനാൽ അവിടെ ആവശ്യത്തിന് കോഴ്സുകളില്ലെന്നുള്ളത് പരിഗണിച്ച് അവിടെ കൂടുതൽ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. മറ്റൊരു കാര്യം, അവിടെ കെട്ടിടങ്ങൾ പണിയണമെങ്കിൽ കുറച്ചുകൂടി സ്ഥലം അക്വയർ ചെയ്യേണ്ടതായിട്ടുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(20) എൽ.പി./യു.പി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനം

ശ്രീമതി എൻ.കെ. രാധ : സർ, 1997 ആഗസ്റ്റ് 12-ന് നിലവിൽവന്ന എൽ.പി./യു.പി. അസിസ്റ്റന്റ് റാങ്ക്ലിസ്റ്റിലെ മെയിൻ ലിസ്റ്റിൽ 1142 പേരും സപ്ളിമെന്ററി ലിസ്റ്റിൽ 600 പേരുമടക്കം 1742 പേരാണുള്ളത്. പ്രസ്തുത ലിസ്റ്റിൽനിന്നും ഏതാണ്ട് 500-ഓളം പേരെ മാത്രമേ നിയമിച്ചിട്ടുള്ളൂ. ഏതാണ്ട് ആറുമാസത്തോളമായി ലിസ്റ്റ് മരവിച്ച നിലയിലാണ്. പ്രൈമറി വിദ്യാലയങ്ങളിൽ ബി.എഡ്. കോഴ്സ് കഴിഞ്ഞവർക്ക് നിയമനം നൽകുന്നതിനെ ചോദ്യം ചെയ്ത് സമർപ്പിച്ച ഒരു സ്വകാര്യ ഹർജിയുടെ ഫലമായി 1999 ജനുവരി 25-ന് ഹൈക്കോടതി പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ ലിസ്റ്റ് സ്റ്റേ ചെയ്തിരുന്നതാണ്. എന്നാൽ എൽ.പി. വിദ്യാലയങ്ങളിൽ ടി.ടി.സി. ക്കാർക്കു മാത്രവും യു.പി. വിദ്യാലയങ്ങളിൽ ടി.ടി.സി.ക്കാർക്കൊപ്പം ബി.എഡ്.കാർക്കും നിയമനം നൽകാൻ സർക്കാർ ഉത്തരവിടുകയും കോടതി സർക്കാരിന്റെ തീരുമാനം ശരിവയ്ക്കുകയും ചെയ്തിരുന്നുവെങ്കിലും ലിസ്റ്റിന്റെ കാര്യത്തിൽ പി.എസ്.സി. പല കാരണങ്ങൾ പറഞ്ഞ് നിയമനം നിർത്തിവച്ചിരിക്കുകയാണ്. സർക്കാർ ഉത്തരവുപ്രകാരം നിലവിലുള്ള ലിസ്റ്റിൽനിന്നും എൽ.പി. സ്കൂളുകളിൽ ടി.ടി.സി.ക്കാരേയും യു.പി.സ്കൂളുകളിൽ ടി.ടി.സി.ക്കാർക്കൊപ്പം ബി.എഡ്.കാരേയും നിയമിക്കണമെന്ന് ഇതിനായി റാങ്ക് നമ്പർ മറിക്കടക്കാൻ പാടില്ലെന്നും പറയുന്നുണ്ട് ഇതാണ് പി.എസ്.സി. പറയുന്ന തടസ്സവാദം. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുന്ന ഭൂരിപക്ഷംപേരും ഉയർന്ന പ്രായംകാരണം ഇനിയൊരു പി.എസ്.സി. പരീക്ഷയിൽ പങ്കെടുക്കാൻ കഴിയാത്തവരാണ്. അതുകൊണ്ട് എല്ലാ ജില്ലകൾക്കും ബാധകമാകുന്ന രൂപത്തിൽ റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ പേർക്കും അഡ്വൈസ് മെമ്മോ അയച്ച് അവരെ നിയമിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും പുതിയ വിദ്യാഭ്യാസ പദ്ധതി കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിലേയ്ക്കും വ്യാപിപ്പിച്ചിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഒഴിഞ്ഞ കസേരയ്ക്കുമുന്നിലിരിക്കുന്ന കുട്ടികളുടെ ഭാവി കണക്കിലെടുത്ത് ഒഴിഞ്ഞുകിടക്കുന്ന അധ്യാപകരുടെ തസ്തിക നികത്തണമെന്ന ആവശ്യം കൂടി ഉന്നയിക്കുകയാണ്. ഇതിനാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly